# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1055 01/03/2017-ൽ മറുപടിയ്ക്ക്

**ദേശീയ/സംസ്ഥാന പാതയോരത്തുനിന്ന് മാറ്റി സ്ഥാപിച്ച മദ്യഷോപ്പുകൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.അനിൽ അക്കര<br>ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.അനൂപ് ജേക്കബ് | ശ്രീ. റ്റി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും<br>വകുപ്പ് മന്ത്രി) |
| (എ) സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഇതുവരെ എത്ര മദ്യഷോപ്പുകൾ ദേശീയ/സംസ്ഥാന പാതയോരത്തു നിന്ന് മാറ്റി സ്ഥാപിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ദേശീയ/സംസ്ഥാന പാതയോരത്ത് പ്രവർത്തിച്ചുകൊണ്ടിരുന്ന ബിവറേജസ് കോർപ്പറേഷന്റെ 20 ഉം കൺസ്യൂമർഫെഡിന്റെ 1 ഉം വിദേശമദ്യ ചില്ലറ വിൽപ്പനശാലകൾ നാളിതുവരെ മാറ്റിസ്ഥാപിച്ചിട്ടുണ്ട് |
| (ബി) മാറ്റി സ്ഥാപിച്ച പല മദ്യവില്പനശാലകളും ജനവാസമേഖലകളിലും, സ്കൂളുകൾക്കും, ആരാധാനലായങ്ങൾക്കും സമീപവുമാണെന്ന പരാതി ഉണ്ടായിട്ടുണ്ടോ ; | (ബി) സുപ്രീം കോടതി അനുശാസിക്കുന്ന 500 മീറ്റർ ദൂരപരിധിയും എക്സൈസ് നിയമത്തിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകളും പാലിച്ചുതന്നെയാണ് എല്ലാ വിദേശമദ്യ ചില്ലറ വില്പനശാലകളും മാറ്റിസ്ഥാപിച്ചിരിക്കുന്നത്. എന്നിരുന്നാലും ചില സ്ഥലങ്ങളിൽ പരാതി ഉയർന്നിട്ടുണ്ട്. |
| (സി) സുപ്രീം കോടതി വിധിയിൽ ഇളവുതേടിയും വ്യക്തത ആവശ്യപ്പെട്ടും ഹർജി സമർപ്പിച്ച ശേഷം ഉടൻതന്നെ അത് പിൻവലിച്ചിട്ടുണ്ടോ; ഇതിനുള്ള സാഹചര്യം എന്തായിരുന്നുവെന്ന് വിശദീകരിക്കുമോ; | (സി) സംസ്ഥാന സർക്കാർ അനുവദിക്കുന്ന FL ലൈസൻസുകളിൽ ഏതൊക്കെ വിഭാഗം ലൈസൻസുകൾ സുപ്രീംകോടതി വിധിയുടെ പരിധിയിൽ ഉൾപ്പെടും എന്നകാര്യത്തിൽ അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. തുടർന്ന് അഡ്വക്കേറ്റ് ജനറലിന്റെ |

നിർദ്ദേശപ്രകാരം വ്യക്തത ആവശ്യപ്പെട്ട് സ്റ്റാൻഡിംഗ് കൗൺസിൽ സുപ്രീം കോടതിയിൽ ഹർജ്ജി സമർപ്പിക്കുകയുണ്ടായി. സ്റ്റാൻഡിംഗ് കൗൺസിൽ സ്വന്തം നിലയ്ക്ക് തയ്യാറാക്കി ഫയൽ ചെയ്ത പ്രസ്തുത ഹർജ്ജിയിൽ സർക്കാർ വ്യക്തത വരുത്തുവാൻ ഉദ്ദേശിച്ച FL ലൈസൻസുകളുടെ കാര്യം പരാമർശിച്ചിരുന്നില്ല. അതേസമയം മദ്യത്തിന്റെ നിർവ്വചനവുമായി ബന്ധപ്പെട്ട ആവശ്യം ഹർജ്ജിയിൽ ഉൾപ്പെടുകയും ചെയ്തു. ഹർജ്ജിയിൽ വസ്തുതാപരമായ പിശക് സംഭവിച്ചതായി കണ്ടെത്തിയതിനെ തുടർന്ന് ടി ഹർജ്ജി പിൻവലിക്കുകയുണ്ടായി.

| | | | |
|---|---|---|---|
| (ഡി) | സുപ്രീം കോടതിയുടെ ഉത്തരവിന്റെ പരിധിയിൽ നിന്ന് പഞ്ചനക്ഷത്ര ഹോട്ടലുകൾ, ബിയർ/വൈൻ പാർലറുകൾ, കള്ളുഷാപ്പുകൾ എന്നിവയെ ഒഴിവാക്കണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ; | (ഡി) | ഇല്ല |
| (ഇ) | മദ്യശാലകൾ മാറ്റി സ്ഥാപിച്ചതിനെതിരെ രൂപപ്പെടുന്ന ജനരോഷം പരിഗണിച്ച്, മദ്യവില്പന കേന്ദ്രങ്ങൾ ജനവാസകേന്ദ്രങ്ങളിലേയ്ക്ക് മാറ്റാതെ, അടച്ചുപൂട്ടുവാനുള്ള നടപടി സ്വീകരിക്കുമോ? | (ഇ) | പരിഗണനയിലില്ല. |

Sreelekha

സെക്ഷൻ ഓഫീസർ